## പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1105.** **25.01.2018 ൽ മറുപടിയ്ക്ക്**

## കഞ്ചാവിന്റെയും മയക്കമരുന്നുകളുടേയും ഉപയോഗം തടയൽ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി.ഉബൈദുള്ള<br>ശ്രീ.പി.കെ.അബ്ദു റബ്ബ്<br>ശ്രീ.മഞ്ഞളാംകുഴി അലി<br>ശ്രീ.ടി.എ.അഹമ്മദ് കബീർ | | ശ്രീ.ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പമന്ത്രി) | |
| (എ) | മദ്യ വ്യാപാരത്തിലെ നിയന്ത്രണങ്ങൾ നീക്കിയിട്ടും കഞ്ചാവിന്റെയും മയക്കമരുന്നുകളുടെയും ഉപയോഗം വൻ തോതിൽ വർദ്ധിച്ച വരുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | ഇതു ഫലപ്രദമായി തടയാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ? | (ബി) | കഞ്ചാവ് അടക്കമുള്ള ലഹരി വസ്തുക്കൾ അയൽ സംസ്ഥാനങ്ങളിൽ നിന്നും വിവിധ മാർഗ്ഗങ്ങളിലൂടെ സംസ്ഥാനത്തേക്ക് കടത്തിക്കൊ ണ്ടുവന്ന് വിപണനം നടത്തുന്നതാ യാണ് ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത്. കിഴക്ക്, വടക്ക്-കിഴക്ക് സംസ്ഥാനങ്ങളുടെ വനമേഖല കളിൽ ഉത്പാദിപ്പിക്കുന്ന കഞ്ചാവ് തമിഴ്നാടിന്റെ കേരള സംസ്ഥാന അതിർത്തി പ്രദേശത്ത് സംഭരിച്ച് ചെറിയ അളവിൽ റോഡ് മാർഗ്ഗവും കാൽനടയായും റെയിൽ മാർഗ്ഗവും കേരളത്തിലേക്ക് കടത്തുന്ന പ്രവണതയാണ് ക ണ്ടു വരുന്നത്. അന്യസംസ്ഥാനങ്ങളിൽ നിന്നും കടത്തിക്കൊ ണ്ടുവരുന്ന സംഘങ്ങൾ പ്രവർത്തി ക്കുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തര ത്തിൽ നിയമവിരുദ്ധ ലഹരി വസ്തുക്കൾ സംസ്ഥാനത്തേക്ക് കടത്തിക്കൊണ്ടു വരുന്നത് തട യുന്നതിന് ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തി വാഹന പരിശോധനകൾ കർശന മാക്കിയിട്ടുണ്ട്. വിവിധ സംസ്ഥാനങ്ങളിലെ എൻഫോഴ്സ്മെന്റ് വിഭാഗങ്ങളുടെ ഏകോപനവും സഹകരിച്ചുള്ള പ്രവർത്തനവും ഉറപ്പുവരുത്തുന്നതിന് വകുപ്പുകൾ തമ്മിലുള്ള യോഗങ്ങൾ സംഘടിപ്പിച്ച് ചർച്ചകൾ നടത്തി വരു |

| | | | |
|---|---|---|---|
| | | | ന്നു. വിവരങ്ങൾ പരസ്പരം കൈമാറുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. എക്സൈസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ തമിഴ്നാട്-കർണ്ണാടക സംസ്ഥാനങ്ങളിലെ പോലീസ് സേനയുമായും സംസ്ഥാനത്തിനകത്ത് പോലീസ്, ഫോറസ്റ്റ്, റവന്യൂ, മറൈൻ എൻഫോഴ്സ്മെന്റ്, കോസ്റ്റൽ പോലീസ്, ആർ.പി.എഫ്. തുടങ്ങിയ വിഭാഗങ്ങളുമായി ചേർന്ന് ബന്ധപ്പെട്ട മേഖലകളിൽ സംയുക്ത പരിശോധനകളും നടത്തി വരുന്നു. കൂടാതെ അതിർത്തി പ്രദേശങ്ങളിൽ ബോർഡർ പട്രോളിംഗ് യൂണിറ്റുകൾ 24 മണിക്കൂറും വാഹനപരിശോധന നടത്തുകയും എക്സൈസ് കമ്മീഷണറുടെ പ്രത്യേക സ്ക്വാഡുകളും ഷാഡോ എക്സൈസ്, എക്സൈസ് ഇന്റലിജൻസ് വിഭാഗങ്ങളും പ്രത്യേക പരിശോധനകളും നിരീക്ഷണങ്ങൾ നടത്തുകയും ചെയ്യുന്നു. ചെക്ക് പോസ്റ്റുകൾ മറികടന്ന് സമാന്തര പാതകളിലൂടെ കള്ളക്കടത്ത് നടത്തുവാൻ സാധ്യതയുള്ള റോഡുകളിൽ വാഹനപരിശോധന കർശനമാക്കിയിട്ടുള്ളതും ദേശീയപാതകളിൽ വാഹന പരിശോധന നടത്തി വരുന്നതുമാണ്.<br>ലഹരി വിരുദ്ധ പ്രവർത്തനങ്ങളിൽ പൊതുജനങ്ങളുടെ സജീവ പങ്കാളിത്തം ഉറപ്പ് വരുത്തുന്നതിനും സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്, സ്കൂൾ-കോളേജ് ലഹരി വിരുദ്ധ ക്ലബ്ബുകൾ, എൻ.എസ്.എസ്., കുടുംബശ്രീ, സംസ്ഥാന ലൈബ്രറി കൗൺസിൽ, മദ്യവർജ്ജന സമിതികൾ അടക്കമുള്ള സന്നദ്ധ സംഘടനകൾ, വിദ്യാർത്ഥി-യുവജന-മഹിളാ സംഘടനകൾ എന്നിവരുടെ കൂടി സഹകരണത്തോടെ ലഹരിവിമുക്ത കേരളം എന്ന ലക്ഷ്യം സാക്ഷാത്ക്കരിക്കുന്നതിനും മയക്കുമരുന്നുകളുടെ ഉപഭോഗം പൂർണ്ണമായും ഇല്ലാതാക്കുവാനും ലക്ഷ്യമിട്ടാണ് കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ "വിമുക്തി" എന്ന ബോധവത്കരണ മിഷന് സർക്കാർ രൂപം നൽകിയിട്ടുള്ളത്. |

**സെക്ഷൻ ഓഫീസർ**